ഒരു ആര്യസമാജം പ്രസിദ്ധീകരണം
*RNI NO. KERMAL /2013/53849*
*Date of Publication 10/04/2014*

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!

ദയാനന്ദ സന്ദേശം വൈദിക മാസിക

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**

**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!**

**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയയ്ക്കേണ്ട വിലാസം**

**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**

**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**

*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 1 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ചൈത്രം – വൈശാഖം
1189 മീനം – മേടം 2014 ഏപ്രിൽ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



**പണ്ഡിത വേദബന്ധു ശർമ്മ (1901-1995)**

ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ

ഏപ്രിൽ 06 : മഹാശയ് രാജ്പാൽ ബലിദാന ദിനം
ഏപ്രിൽ 10 : ആര്യസമാജ സ്ഥാപന ദിനം
ഏപ്രിൽ 13 : ജാലിയൻവാലാ ബാഗ് സ്മൃതി ദിനം
ഏപ്രിൽ 19 : മഹാത്മാ ഹൻസ്രാജ് ജന്മദിനം
ഏപ്രിൽ 20: പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം
ഏപ്രിൽ 26 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

# വേദാദ്ധ്യയനം



*ഋഷിഃ മധുച്ഛന്ദാഃ ദേവതാ ഇന്ദ്രഃ ഛന്ദഃ ഗായത്രി ഷഡ്ജ സ്വരഃ*

***ഇന്ദ്രാ യാഹി ധിയേഷിതോ വിപ്രജൂതഃ | സുതാവതഃ ഉപ ബ്രഹ്മാണി വാഘതഃ ||***

*(ഋഗ്വേദം 1.3.5)*

**പദാർത്ഥം:** (ഇന്ദ്ര) അല്ലയോ പരമേശ്വര! (ധിയാ) നിരന്തര ജ്ഞാനയുക്ത ബുദ്ധിയും ഉത്തമകർമ്മത്താൽ (ഇഷിതഃ) പ്രാപിക്കാവുന്നതും (വിപ്രജൂതഃ) ബുദ്ധിമാൻമാരായ പണ്ഡിതൻമാർക്ക് അറിയാൻ യോഗ്യനായ അങ്ങ് (ബ്രഹ്മാണി) ബ്രാഹ്മണൻ അതായത് വേദങ്ങളുടെ അർത്ഥത്തേയും അറിവിനെയും അറിയുന്നവനും (വാഘതഃ) യജ്ഞവിദ്യയുടെ അനുഷ്ഠാനത്താൽ സുഖത്തേ ഉത്പ്പാദിപ്പിക്കുന്നവനും ആകുന്നുവോ ഇവരുടെ കൃപയാൽ (ഉപായാഹി) പ്രാപിച്ചാലും.

**ഭാവാർത്ഥം:** സർവ്വകാര്യജഗത്തിന്റെയും ഉത്പത്തിയുടെ ആദികാരണമായ പരമേശ്വരനെ ശുദ്ധ-ബുദ്ധി-വിജ്ഞാനത്താൽ സാക്ഷാത്കരിക്കുക എന്നത് എല്ലാ മനുഷ്യർക്കും ഉചിതമായതാണ്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

## ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

*(മുൻലക്കത്തിന്റെ തുടർച്ച)*

3. വേദം എല്ലാ സത്യവിദ്യകളുടെയും ഗ്രന്ഥമാകുന്നു. ആ വേദം പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യന്മാരുടെയും പരമ ധർമ്മമാകുന്നു.
4. സത്യത്തേ ഗ്രഹിക്കുന്നതിനും അസത്യത്തേ ത്യജിക്കുന്നതിനും എല്ലായ്പ്പോഴും മനുഷ്യർ തികഞ്ഞ ശ്രദ്ധ പുലർത്തണം.
5. എല്ലാ കർമ്മങ്ങളും ധർമ്മാനുസാരം അതായത് സത്യാസത്യവിശകലനം നടത്തി മാത്രമെ അനുഷ്ഠിക്കാവൂ.
6. ലോകത്തിന് ഉപകാരം ചെയ്യലാണ് ഈ സമാജത്തിന്റെ മുഖ്യ ഉദ്ദേശം. അതായത് മനുഷ്യരുടെ ശാരീരികവും ആത്മീയവും സാമാജികവുമായ ഉന്നതി ഉണ്ടാക്കുക എന്നർത്ഥം.

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

## വൈദിക-ദാർശനിക മാസിക

പുസ്തകം : 1 ലക്കം 10

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ചൈത്രം – വൈശാഖം
1189 മീനം – മേടം 2014 ഏപ്രിൽ



**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ
പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ
ആചാര്യ എസ്. ശ്രീധര ശർമ്മ
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ഋഗ്വേദപരിചയം | : | 7 |
| സംശയനിവാരിണി | : | 9 |
| ജീവിതം ഒരലയാഴി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വൈദിക പ്രശ്നോത്തരി | : | 14 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ,
പാലക്കാട് 679 504.
Ph: 09562529095,
Email:dayanandasandesam@gmail.com
Visit us : www.thearyasmaj.org/vellinezhi**


# മുഖവാണി

## വൈദിക പുതുവത്സരാശംസകൾ



**ലോ**കത്തിലെ ഏറ്റവും പ്രാചീന കാലഗണനയെ പിന്തുടരുന്ന നാം ഏഴാം മന്വന്തരത്തിലെ 28-ാം മത് ചതുർയുഗത്തിൽ വരുന്ന കലിവർഷം 5116 ലേക്ക് കഴിഞ്ഞ വർഷപ്രതിപദ (2014 മാർച്ച് 31) ദിനത്തിൽ പ്രവേശിച്ചിരിക്കുകയാണ്. 197,29,49,115-ാം ആണ്ടിലേക്ക്. ചൈത്രമാസം ഭാരതത്തേ സംബന്ധിച്ചിടത്തോളം പല ഐതിഹാസിക സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. രാഷ്ട്രത്തിന്റെ വൈഭവത്തിനായി ജീവിതം സമർപ്പിച്ച നിരവധി മഹാപുരുഷന്മാരുടെ ജൻമദിനങ്ങളും രക്തസാക്ഷിദിനങ്ങളും ഈ മാസത്തിൽ വരുന്നുണ്ട്. സാമൂഹ്യ-ധാർമ്മിക-നവോത്ഥാന പ്രസ്ഥാനമായ ആര്യസമാജം 1875 ഏപ്രിൽ 10 ന് ബോംബെയിൽ മഹർഷി ദയാനന്ദ

*സ ഹി സർവ്വവിത് സർവ്വകർത്താ ഈശ്വരേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

സരസ്വതി സ്ഥാപിച്ചതും ഈ മാസത്തിലാണ്. ആര്യസമാജത്തിന്റെ ധർമ്മഭടൻമാരായിരുന്ന മഹാത്മാ ഹൻസ്രാജ് (ഏപ്രിൽ 19) പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി (ഏപ്രിൽ 26), കേരളത്തിൽ ആര്യസമാജ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച പണ്ഡിറ്റ് വേദബന്ധുശർമ്മ (ഏപ്രിൽ 20), രാഷ്ട്രീയ സ്വയം സേവകസംഘ സ്ഥാപകനായ ഡോ.ഹെഡ്ഗേവാർ തുടങ്ങി നിരവധി പേരുടെ ജന്മദിനങ്ങളും മഹർഷി ദയാനന്ദന്റെ ദർശനങ്ങളും വൈദിക പ്രചാരണവും നടത്തുന്നതിനിടെ ആത്മാഹുതയാകേണ്ടി വന്ന മഹാശയ് രാജ്പാൽ (രംഗീലാ റസൂൻ എന്ന ഉറുദു ഗ്രന്ഥം പ്രകാശിപ്പിച്ചതിന് സ്വന്തം ജീവൻ നൽകേണ്ടിവന്ന മഹാശയ് രാജ്പാലിന്റെ രക്തസാക്ഷി ദിനം. 1929 ഏപ്രിൽ 6 നാണ് അദ്ദേഹം വധിക്കപ്പെട്ടത്) ബലിദാന ദിനവും ഈ മാസത്തിലാണ് വരുന്നത്.

ഭാരതസ്വാതന്ത്ര്യ സമരചരിത്രത്തിലെ ഏറ്റവും രക്തപങ്കിലമായ ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത് 1919 ലെ വൈശാഖിദിനത്തിലാണ് (13ഏപ്രിൽ 1919). കുപ്രസിദ്ധമായ റൗലറ്റ് ആക്ടിനെതിരെ പ്രതികരിക്കാനായി തടിച്ചു കൂടിയ ദേശഭക്തർക്കു നേരെ ബ്രിട്ടീഷ് കമാൻഡറായിരുന്ന ജനറൽ ഡയർ നൂറിലധികം സൈനികരേ ഈ യോഗസ്ഥലത്തു നിന്നും പുറത്തേക്കുള്ള വഴികളിൽ ആർക്കും രക്ഷപ്പെടാൻ അവസരം നൽകാത്ത തരത്തിൽ തയ്യാറാക്കി നിർത്തി, ബാക്കി സൈനികരുമായി യോഗ സ്ഥലത്തെത്തി നിർദാക്ഷിണ്യം വെടിവെക്കാനുത്തരവിട്ടു. 10 മിനിട്ടിനുള്ളിൽ 1650 വെടിയുണ്ടകൾ ഉതിർക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തി. ജാലിയൻവാലാബാഗ് സംഭവം ആസേതുഹിമാചലം വൻചലനമുണ്ടാക്കി. ഭാരതമാതാവിന്റെ വീരപുത്രനായ ഷഹീദ് ഉദ്ധംസിംഹ് ഈ പൈശാചിക കൃത്യത്തിന് ഉത്തരവിട്ട ജനറൽ ഡയറേ ദീർഘകാലത്തേ കാത്തിരിപ്പിനും തയ്യാറെടുപ്പിനും ശേഷം ലണ്ടനിൽ വെച്ച് വകവരുത്തി. പഞ്ചനദത്തിന്റെ (പഞ്ചാബ്) പാവന മണ്ണിൽ നടന്ന ഈ രക്തപങ്കിലമായ സംഭവത്തിൽ രക്തസാക്ഷികളായിതീർന്ന ദേശഭക്തരേ നമുക്ക് സ്മരിക്കാം.

വൈദികധർമ്മത്തിനും രാഷ്ട്രരക്ഷക്കും വേണ്ടി സ്വജീവിതത്തെ 'സമിധ'യായി സമർപ്പിച്ച മഹാപുരുഷന്മാരുടെ അനുസ്മരണം നമ്മുടെ കർത്തവ്യബോധത്തേ ഉണർത്തിവിടട്ടെ.

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)


**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

*പാഠം- 7*

## വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ

***ചോദ്യം: വൈദിക ധർമ്മത്തിന്റെ നാലാമത്തെ ശിക്ഷണമെന്താണ്?***

***ഉത്തരം:*** വൈദികധർമ്മത്തിന്റെ നാലാമത്തെ ശിക്ഷണം 'സമവികാസം' അഥവാ തന്റെ ശരീരം, മനസ്സ്, ആത്മാവ് എന്നീ എല്ലാ ശക്തികളുടെയും വർദ്ധനവിനായുള്ള യത്നമാണ്. നമ്മുടെ സർവ്വശക്തികളുടെയും ഉന്നമനത്തിനായി പ്രയത്നിക്കണമെന്ന് വൈദിക ധർമ്മം ഊന്നൽ നൽകുന്നു. നല്ല നിലയിൽ വ്യായാമം ചെയ്യുന്നത് ശരീരത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നു. നല്ല പുസ്തകങ്ങൾ വായിക്കുന്നതും മനനം ചെയ്യുന്നതും മന ശക്തിയേ വർദ്ധിപ്പിക്കും. ഈശ്വരധ്യാനവും യോഗാഭ്യാസവും ചെയ്യുന്നതിലൂടെ ആത്മശക്തിയും വർദ്ധിക്കും. ശ്രീരാമചന്ദ്രൻ, ശ്രീകൃഷ്ണൻ, ഋഷി ദയാനന്ദൻ തുടങ്ങിയ മഹാപുരുഷന്മാർ 'സമവികാസത്തിന്റെ' ആദർശമായി കാണണം.

***ചോദ്യം: വൈദിക ധർമ്മത്തിന്റെ അഞ്ചാമത്തെ ശിക്ഷണമെന്താണ്?***

**ഉത്തരം:** യജ്ഞഭാവനയുണ്ടാക്കുകയും വളർത്തുകയും ചെയ്യണമെന്നാണ് വൈദിക ധർമ്മത്തിന്റെ അഞ്ചാമത്തെ ശിക്ഷണം. ഏതാനും പേർ തെറ്റായി കരുതുന്നതുപോലെ പട്ടിണിയിലായ സാധുമൃഗങ്ങളെ അഗ്നിയിൽ ഹോമിക്കുന്നതല്ലാ യജ്ഞം. നിസ്വാർത്ഥതയും സേവാഭാവവും ഉൾക്കൊള്ളുന്ന യജ്ഞത്തിന് മഹത്തായ അർത്ഥമാണ് വേദങ്ങളിൽ പറഞ്ഞിരിക്കുന്നത്. പണ്ഡിതരും ധർമ്മാത്മാക്കളുമായവർ യജ്ഞാനുഷ്ടാനത്താൽ ഈശ്വരസാക്ഷാത്കാരം നേടുന്നു. യജ്ഞേന യജ്ഞ മയജന്ത ദേവാഃ (യജുർവ്വേദം 31.16)

***ചോദ്യം: യജ്ഞശബ്ദത്തിന്റെ അർത്ഥമെന്താണ്?***

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

**ഉത്തരം**: 'യജ്' എന്ന ധാതുവിൽനിന്നാണ് യജ്ഞ ശബ്ദം ഉണ്ടാകുന്നത്. അതിന് 3 അർത്ഥമുണ്ട്.

**1. ദേവപൂജ, 2. സംഗതീകരണം, 3. ദാനം**

**ദേവപൂജ:–** ദേവപൂജയുടെ അർത്ഥം ധർമ്മാത്മാവും സത്യനിഷ്ഠനുമായ പണ്ഡിതൻമാരെ ആദരിക്കുന്നതോടൊപ്പം പരമാത്മാവിനെ പൂജിക്കുക എന്നാണ്.

**സംഗതീകരണം:–** ജനങ്ങളിൽ ഐക്യവും സഹവർത്തിത്വവും വളർത്തിയെടുക്കുക. കൂട്ടായി നല്ല കാര്യങ്ങൾ ചെയ്യുന്നതിലൂടെ സർവ്വർക്കും ഉന്നതിയുണ്ടാവാൻ ശ്രമിക്കുക.

**ദാനം:–** ദരിദ്രർ, അനാഥർ, ദുഃഖിതർ നല്ല സ്ഥാപനങ്ങൾ എന്നിവയ്ക്ക് ധനസഹായം ചെയ്യുക.

ഇപ്രകാരം മറ്റുള്ളവർക്ക് നന്മവരുന്നതിനായി ചെയ്യുന്ന എല്ലാകാര്യങ്ങളും യജ്ഞമെന്നതിൽ വരുന്നു. പഞ്ചമഹായജ്ഞങ്ങളേക്കുറിച്ച് അടുത്ത പാഠത്തിൽ പറയുന്നതാണ്.

*(തുടരും)*

## ഈശ്വരൻ – ജീവാത്മാവ് – പ്രകൃതി

ഈശ്വരൻ സച്ചിദാനന്ദ സ്വരൂപനും, നിരാകാരനും, സർവ്വശക്തിമാനും, ന്യായകാരിയും, ദയാലുവും, ജന്മമെടുക്കാത്തവനും, അനാദിയും, അനന്തനും, നിർവ്വികാരനും, സർവ്വവ്യാപിയും, സർവ്വാധാരനും, സൃഷ്ടികർത്താവും ആകുന്നു. വൈദിക കാഴ്ചപ്പാടനുസരിച്ച് ജനന–മരണ രഹിതനായ ഈശ്വരൻ ശരീരധാരണം ചെയ്യുകയോ അവതരിക്കുകയോ ചെയ്യുന്നില്ല.

ഈശ്വരൻ–ജീവാത്മാവ്–പ്രകൃതി എന്നീ മൂന്ന് തത്ത്വങ്ങൾ അനാദിയാണ്. അവയ്ക്ക് തുടക്കമോ അവസാനമോ ഇല്ല.

***മഹർഷി ദയാനന്ദ സരസ്വതി***

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻ ലക്കത്തിന്റെ തുടർച്ച)*




## അദ്ധ്യായം 3

# അസ്യവാമീയ സൂക്തം

*(ഋഗ്വേദം 1–164)*

### ഏഴ് തത്ത്വങ്ങൾ

**36.** പഞ്ചഭൂതങ്ങൾ (ഭൂമി, പൃഥി, ജലം, വായു, ആകാശം) ഇവയോട് അഹങ്കാരം, മഹത് തത്ത്വം എന്ന രണ്ടു തത്ത്വങ്ങളും സ്ഥൂല ജഗത്തിന് കാരണ ചോദന രൂപങ്ങളായിരിക്കുന്നു. ഇവയിൽ നിന്നും വ്യത്യസ്ഥമായ ജഢവസ്തുക്കളും ജഗത്തിലുണ്ട്. ഈ ഏഴു തത്ത്വങ്ങൾ–ആശയങ്ങൾ–ശരിക്കും അറിഞ്ഞു മനസ്സിലാക്കിയിട്ടുള്ള ജ്ഞാനികൾ വാഴ്ത്തപ്പെടുന്നു. ഈ ജ്ഞാനമില്ലാത്തവരെ ആരും വിലവെക്കുന്നില്ല.

### ജീവാത്മാ

37. അൽപ്പമായ ശക്തിയും അറിവും ഉള്ളത്കൊണ്ട് സാധനരൂപമായ ഇന്ദ്രിയങ്ങൾ ഇല്ലാതെ ജീവന് ഇഷ്ടമുള്ള വസ്തുക്കളെ ശരിക്കും നേടാൻ കഴിയുകയില്ല. കണ്ണ്, ചെവി മുതലായ ജ്ഞാനേന്ദ്രിയങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ജീവാത്മാവിന് അറിവ് കിട്ടുകയുള്ളു. അതു കൊണ്ട് വിദ്യകൾ അഭ്യസിച്ച് വസ്തുക്കളുടെ യഥാർത്ഥ സത്യാവസ്ഥകളെ അറിയുക. ഇങ്ങിനെയുള്ള അറിവുകൾ നേടാൻ കഴിവില്ലാത്തവർ മൃഗസമാനരാകുന്നു.

### ജഢ, ചേതന വസ്തുക്കൾ

38. ലോകത്തിൽ രണ്ടുതരം വസ്തുക്കൾ ഉണ്ട്. ഒന്ന് ജഢം മറ്റേത് ചേതനം (Inanimate and Animate). ജഢമായ വസ്തു തന്നെകുറിച്ചുള്ള അറിവുള്ളതല്ല. ചേതന വസ്തുവാകട്ടെ തന്നെ പറ്റിയും മറ്റുള്ളവയേ പറ്റിയും അറിയാൻ ശക്തിയുള്ളതാണ്. ഇവ രണ്ടും നിത്യതത്ത്വമാണ്. അണുക്കൾ സംഘടിച്ച് സ്ഥൂലരൂപമാകുന്നതാണ് ശരീരം ഉൾപ്പെടെയുള്ള ജഢവസ്തുക്കൾ. ചൈതന്യമുള്ള

*ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)*
*സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.*




***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





ജീവൻ ഇവയിൽ പ്രവേശിക്കുന്നു. ചേതനജീവൻ ശരീരമെന്ന ജഢവസ്തുവിൽ ഉള്ളതുകൊണ്ടോ അല്ലെങ്കിൽ ഇതിനേ ത്യജിച്ചുപോയാലോ അതിന്റെ സഹജ സ്വഭാവത്തെ കളയുന്നില്ല. പക്ഷെ, സ്ഥൂല അഥവാ സൂക്ഷ്മ വസ്തുവിൽ ചേർന്നിരിക്കുന്നതുകൊണ്ട് സ്ഥൂല അഥവാ സൂക്ഷ്മ സ്വഭാവത്തേക്കുറിച്ചുള്ള അറിവും ഉണർവും അതിനുകിട്ടുന്നു.

***(തുടരും)***

***(മുൻ ലക്കത്തിന്റെ തുടർച്ച)***

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 14 : ഈശ്വരൻ ഒന്നേയുള്ളുവെന്നതിന് വേദത്തിൽ എന്തെങ്കിലും പ്രമാണമുണ്ടോ?***

***ഉത്തരം :*** ഈശ്വരൻ ഒന്നേയുള്ളവെന്നതിന് വേദങ്ങളിൽ അനേകം മന്ത്രങ്ങളുണ്ട്. അദ്ദേഹം സർവ്വവ്യാപിയും സർവ്വജ്ഞനും സർവ്വാന്തര്യാമിയുമാണ്. അദ്ദേഹത്തെയല്ലാതെ വേറെ എന്തിനേയെങ്കിലും സ്മരിക്കുന്നതും പൂജിക്കുന്നതും വ്യർത്ഥമാണ്. ഇതിന് തെളിവായി കുറച്ചുമന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

*ഏകോ അന്യചകൃഷേ വിശ്വമാനുഷക് (ഋഗ്വേദം 1-52-14)*

*ഋഷിർഹി പൂർവ്വജാ അസ്യേക് ഈശാൻ ഓജസാ*

*ഇന്ദ്ര ചോഷ്കൂയ സേ വസു (ഋഗ്വേദം 8-6-41)*

*സ വിശ്വസ്യ കരുണവ്യേശ് ഏകോ (ഋഗ്വേദം 1-100-7)*

*ഹിരണ്യഗർഭഃ സമർത്തതാഗ്രേ ഭൂതസ്യജാതഃ പതിരേക ആസിത് |*

*സ ദാധാര പൃഥിവിം ദ്യാമുതേമാം കസ്മൈദേവായ ഹവിഷാ വിധേമ ||*

*(ഋഗ്വേദം 10-121-1)*

വിശ്വതശ്ചക്ഷുരുത......ജനയൻ ദേവ ഏകഃ (യജുർവ്വേദം 17.19) ഋഗ്വേദം (8.58.2),

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***

(1.64.46), (10.114.5), (10.114.4), (10.121.3), (8.58.2), (6.36.4), (8.15.11), (8.13.9)

വേദങ്ങളിലെ എല്ലാ മന്ത്രങ്ങളും ഒരു ഈശ്വരനെപറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. ഒരിടത്തും ബഹുവചനരൂപത്തിൽ ഈശ്വരനെ സംബോധന ചെയ്യുന്നില്ല.

***യേ ദേവേഷ്വധിദേവ ഏക ആസിത് (ഋഗ്വേദം 10.121.8)***

എല്ലാ ദേവൻമാരുടെയും ദേവൻ അദ്ദേഹം മാത്രമാണ്.

***വിശ്വകർമ്മാ.....പരംഏകമാഹുഃ (യജുർവ്വേദം 17.26)***

***യോ നഃ പിതാ ജനിതാ യോ വിധാതാ, ധാമാനി വേദ ഭുവനാനി വിശ്വാ |***
***യോ ദേവനാം നാമധാ ഏക ഏവ ത സമ്പ്രശ്നം ഭുവനാ യന്ത്യന്യാ ||***

(യജുർവ്വേദം 17.27)

എല്ലാ വേദമന്ത്രങ്ങളിലും ഈശ്വരനെപറ്റി പറയുമ്പോൾ ഏകവചനരൂപമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതും അദ്വിതീയനായ ഈശ്വരൻ ഒന്നേയുള്ളു എന്നതിന് തെളിവാണ്. ഗുണകർമ്മസ്വഭാവങ്ങൾക്കനുസൃതമായി ഈശ്വരന് അനേകം നാമങ്ങൾ ഉണ്ടായിരിക്കും. പക്ഷെ, ഈശ്വരൻ ഒന്നുമാത്രമേയുള്ളു.

അഥർവ്വവേദം (13.4) ൽ 1 മുതൽ 56 വരെയുള്ള മന്ത്രങ്ങൾ ഒരു ഈശ്വരനെ പറ്റി മാത്രമെ വ്യാഖ്യാനിക്കുന്നുള്ളു. അഥർവ്വവേദം (8.5.26), (2.2.1), (8.5.20). ഈശ്വരൻ അദ്വിതീയനും ഏകനുമാണെന്ന് കാണിക്കുന്ന അനേകം മന്ത്രങ്ങൾ വേദങ്ങളിലുണ്ട്. പൂർണ്ണനായി ഒരാൾ മാത്രമേയുള്ളു. അനേകം പേരില്ല. ഈശ്വരൻ സർവ്വജ്ഞനും പൂർണ്ണനുമാണ്. അതുകൊണ്ട് ഈശ്വരൻ ഒന്നേയുള്ളു.

ഋഗ്വേദം (3.15) 1–22 മന്ത്രങ്ങൾ ഈ മണ്ഡലത്തിലെ 56,57,58,59 സൂക്തങ്ങൾ ഒരേഒരീശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങളെപറ്റി മാത്രമാണ് വർണ്ണിക്കുന്നത്. ഇതിലും അധികം പ്രമാണം വേറെ എവിടെ ലഭിക്കും?

***(തുടരും)***

**ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക**

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O),**
**പാലക്കാട് – 679 504.**

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 2*



**ഭാ**ഗപത്രത്തിലൊപ്പിട്ട് രജിസ്ട്രാക്കി കഴിഞ്ഞപ്പോൾ റൊക്കം കയ്യിൽ കിട്ടിയ നോട്ടുകൾ ഒന്നുകൂടി എണ്ണിനോക്കി, 50 രൂപയാണെന്ന് ഉറപ്പുവരുത്തി.

ഈ കുറഞ്ഞ – മടിനിറയാത്ത – മൂലധനം കൊണ്ടെന്തു ചെയ്യണമെന്ന് മനഃസാക്ഷിയുമായി ആലോചിച്ചുറച്ചു. ഒന്നുകിൽ കുറെ പഠിച്ച് ഇഹത്തിൽ ചിരസ്മരണീയനാകണം. അല്ലെങ്കിൽ ജോലി വല്ലതും സാമൂഹ്യസേവനത്തിലൂടെ മാന്യത ഉണ്ടാകത്തക്കവിധം കിട്ടണം. സ്വന്തം കാലിൽ നിൽക്കാൻ കഴിവാർജ്ജിച്ചവരായിരിക്കുന്നു. കൂട്ടുകാരെല്ലാം നീലൻ ഡോക്ടറായി. രാമൻകുട്ടി ഹൈക്കോടതി വക്കീലാണ്. ഡിസ്ട്രിക്ട് സപ്ലൈ ഓഫീസറാണ് കുഞ്ഞുകൃഷ്ണൻ. ഞാൻ മാത്രം ഒന്നുമില്ലാതെ നാട്ടിലൊരു വിദൂഷകനായും വീട്ടിൽ അമ്മക്കൊഴിച്ച് ആർക്കും വേണ്ടാത്തവനായും അവശേഷിച്ചിരിക്കുകയാണ്. അത് പറ്റില്ലിനി. അയാൾ ഈശ്വരാർപ്പിത ദൃഢചിത്തനായവിടെ നിന്ന് എഴുന്നേറ്റു. അത്യാവശ്യം വസ്ത്രങ്ങളും മറ്റു സാധനങ്ങളുമെടുത്ത്, പെയിന്റ് പോയി തുരുമ്പു കേറിയ ഒരു ട്രങ്കുണ്ട്. അതിലൊതിക്കിവച്ചിട്ട് പൂട്ടി കുപ്പായമെടുത്തിട്ടു. ഇതുകണ്ടുകൊണ്ടിരുന്ന ഭാഗത്തിൽ തറവാടെടുത്ത മൂത്ത ജ്യേഷ്ഠൻ ചോദിച്ചു. 'എവിടേക്കാടോ?' 'ബോംബേക്ക്' പാച്ചൻ ഗൗരവം വിടാതെ ഉത്തരമെറിഞ്ഞുകൊടുത്തു.

"എന്താ, അവിടെ വല്ലതും....?" കാരണവരുടെ ചോദ്യത്തിൽ പരിഹാസം തുളുമ്പിയിരുന്നു.

"ശരി, പോയിട്ടുവാ" എന്നൊരു ആശ്വാസവചനം നീട്ടി കൊടുക്കാൻ അദ്ദേഹത്തിന് ദയവുണ്ടായി. സ്വഭാവം അച്ഛന്റെ തനിപകർപ്പും രൂപം അമ്മയുടേതുമാണദ്ദേഹത്തിന്റെ. ഒരുകാലത്ത് അച്ഛന്റെ കെടുകാര്യസ്ഥത കൊണ്ടായിരിക്കാം. തറവാട് കടം വന്ന് തുലഞ്ഞുപോയിരുന്നു. 12 വയസ്സുമുതൽ തറവാട്ടിനുവേണ്ടി സർവ്വസ്വവും അർപ്പിച്ച് അധ്വാനിച്ച് 33 വയസ്സിനുള്ളിൽ 1000 ത്തോളം പറ നെല്ലിന്റെ ഭൂമി കടംവീട്ടി വീണ്ടെടുത്തു അദ്ദേഹം. ഭൂമിയിൽ നിന്ന് ഒരു മണി നെല്ലുപോലും വിളയിച്ച് കൊയ്തെടുത്ത് പത്തായത്തിലിട്ടുകാണാൻ സമ്മതിക്കാതെ, രണ്ടും നാലും താവഴികൾ മന്ത്രിച്ചു ചിന്തിച്ച് ഭാഗപ്രമേയം കൊണ്ടുവന്നു. ആ മന

***വയം രാഷ്ട്രേ ജാഗ്യയാമ പുരോഹിതാഃ (യജുർവ്വേദം 9. 23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗ്യതരാക്കാം.***

സ്താപത്തിന്റെ തീപ്പൊരിയാണദ്ദേഹത്തെ ഇങ്ങിനെ നിസംഗനായി ഒറ്റയ്ക്കുനിൽക്കാൻ പ്രേരിപ്പിച്ചത്. അതിനദ്ദേഹത്തെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. തന്റെ നിസ്വാർത്ഥപ്രയ്തനത്തേ മനസ്സിലാക്കി മാനിക്കാത്ത സ്വാർത്ഥികളായവരോട് അവർ ഏകോദരോൽപ്പന്നങ്ങളാണെങ്കിലും വെറുപ്പു തോന്നുകയെന്നത് മനുഷ്യസഹജമാണ്. പാച്ചൻ ഉള്ളാലെ വന്ദിച്ച് പടിപ്പുര ലക്ഷ്യമാക്കി നടന്നു.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)



**ഇ**നി പ്രാണ പ്രതിഷ്ഠയുടെ കാരണമായ ജഢമൂർത്തി പൂജയുടെ അർത്ഥത്തെ അംഗീകരിക്കുന്ന പ്രമാണങ്ങൾ വല്ലതുമുണ്ടോ എന്നു നോക്കാം. ചതുർവ്വേദങ്ങളിലോ ഗൃഹ്യ-ശ്രൗത സൂത്രങ്ങളിലോ ഷഡ്ദർശനങ്ങളിലോ എവിടേയും പ്രാണ പ്രതിഷ്ഠയുടെ മന്ത്രങ്ങൾ നൽകി കാണാത്തതിനാൽ 'പ്രാണേഭ്യോ നമഃ' തുടങ്ങിയ മന്ത്രങ്ങൾ എവിടെ നിന്നു വന്നു? ഇതിനെകുറിച്ച് നാം ഹിന്ദുക്കൾ എനിക്ക് തെറ്റിപ്പോയി. നാം ആര്യൻമാർ ചിന്തിക്കണം. 'ഹിന്ദു' എന്ന പദം ഞാൻ ഉപയോഗിച്ചത് തെറ്റാണ്. ഹിന്ദു-കറുത്തവനെന്നർത്ഥം വരുന്ന (കാഫിർ, കള്ളൻ എന്നിങ്ങനെ). ഈ പേര് മുസൽമാൻമാരാണ് നമുക്ക് നൽകിയത്. ഹിന്ദു എന്ന പദം ഞാൻ ഉപയോഗിച്ചത് അതിനാൽ തെറ്റായിപ്പോയി. ആര്യൻ (ശ്രേഷ്ഠൻ) എന്നതാണ് നമ്മുടെ യഥാർത്ഥ നാമം.

*വിജാനീഹ്യാര്യാൻ യേ ച ദസ്യവോ*
*ബഹിഷ്മതേ രന്ധയാ ശാസദവ്രതാൻ |*
*ശാകീ ഭവ യജമാനസ്യ ചോദിതാ*
*വിശ്വേത്താ തേ സധമാധേഷ്ഠ ചാകന ||*

(ഋഗ്വേദം 1-51-8)

ആര്യോ ബ്രാഹ്മണകുമാരയോഃ || (അഷ്ടാദ്ധ്യായി 6.2.58) അല്ലയോ സേദരൻമാരേ! ദസ്യുക്കളായ അവ്രതചാരികളായ (നല്ല വ്രതങ്ങളെ ആചരിക്കാത്തവർ)വരോട് യുദ്ധം ചെയ്യുന്ന നമ്മൾ വ്രതധാരികളാണ്. ആര്യൻമാരാണ്. ഇക്കാര്യം എപ്പോഴും ഓർമ്മവേണം.

'പ്രതിഷ്ഠാ മയൂഖം' തുടങ്ങിയവയും 'ലിംഗാർച്ചന ചിന്താമണി' മുതലായ താന്ത്രിക ഗ്രന്ഥങ്ങളിലെ മന്ത്രങ്ങളുമാണ് ജഢമൂർത്തികളിൽ പ്രാണപ്രതിഷ്ഠക്ക് ഉപയോഗിക്കുന്നത് എന്നാണെങ്കിൽ ആ മന്ത്രങ്ങളെ നാം പ്രമാണമായി കണ്ടുകൂടേ എന്നു ചോദിച്ചാൽ താഴെ

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***





കൊടുക്കുന്ന താന്ത്രിക മന്ത്രങ്ങളുടെ ഇടയ്ക്ക് വേദമന്ത്രങ്ങളുടെ പ്രാമാണ്യം എങ്ങിനെ നൽകാൻ കഴിയും!

*പീത്വാ പീത്വാ പുനഃ പീത്വാ യാവത് പതതി ഭൂതലേ |*
*പുനരുത്ഥായ വൈ പീത്വാ പുനർജന്മ ന വിദ്യതേ ||*

(അർത്ഥം:- കുടിക്കുക, വീണ്ടും കുടിക്കുക, താഴെ വീഴുന്നതുവരെ കുടിക്കുക. വീണ്ടും എഴുന്നേറ്റ് കുടിക്കുക. പുനർജന്മം ഇനി ഉണ്ടാവുമോ എന്നറിയില്ലല്ലോ!)

അതിനാൽ ജഢമൂർത്തികളിൽ ഒരിക്കലും ചൈതന്യം ഉത്പന്നമാവുകയില്ല. ശവശരീരത്തിൽ എല്ലാ അവയവങ്ങൾ ഉണ്ടായിട്ടു കൂടി മരണശേഷം പുനർജീവിപ്പിക്കാൻ സാധ്യമല്ലെന്നിരിക്കെ (ഇതിനു തൊട്ടുമുമ്പ് ആ ശരീരത്തിൽ ജീവൻ ഉണ്ടായിരുന്നിട്ടു കൂടി), ജഢ വസ്തുക്കളിൽ പ്രാണനേ പ്രതിഷ്ഠിക്കുന്നതിനെകുറിച്ച് എന്തുപറയാൻ! ഇതെല്ലാം വ്യർത്ഥമാണ്, അന്ധവിശ്വാസമാണ്.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

***നചികേതസ്***

## യോഗിമാരെ അന്വേഷിച്ചുള്ള യാത്ര



**യോ**ഗബലം കൊണ്ട് മൃത്യുവിനെ ജയിക്കാനാവുമെന്നും യോഗവിദ്യ യോഗികളിൽ നിന്നു മാത്രമെ പഠിക്കാനാവൂ എന്നും ദയാനന്ദൻ കേട്ടിരുന്നു. യോഗികളെ എല്ലാ സ്ഥലങ്ങളിലും കണ്ടെത്താനാകില്ലെന്നും പ്രത്യേക സ്ഥലങ്ങളിൽ മാത്രമേ കണ്ടെത്തെനാകൂ എന്നും അദ്ദേഹം മനസ്സിലാക്കിയരുന്നു. മരണത്തേ തോൽപ്പിക്കുന്നതിനും യഥാർത്ഥ ഈശ്വരനെ കണ്ടെത്തുന്നതിനും മൂൽശങ്കർ എത്ര തത്പരനായിരുന്നുവെന്നു നോക്കൂ! വീടുവിട്ടിറങ്ങിയ ഉടൻ അദ്ദേഹം യോഗികളെ അന്വേഷിച്ച് നടക്കാൻ തുടങ്ങി. ശൈലാനഗറിൽ വെച്ച് അദ്ദേഹത്തിന് 'ലാലാ ഭക്ത്' എന്ന യോഗിയെ കണ്ടെത്താനായി. അദ്ദേഹത്തിന്റെ അടുക്കൽ കുറച്ചനാൾ യോഗാഭ്യാസം പരിശീലിച്ചു. എന്നാൽ സന്യാസം സ്വീകരിക്കാതെ ഇക്കാര്യം ശരിയായി മനസ്സിനാക്കാനാവില്ലെന്ന് അനുഭവത്തിൽ നിന്നദ്ദേഹത്തിന് ബോധ്യമായി. ഒരു ബ്രഹ്മചാരിയിൽ നിന്നും സന്യാസദീക്ഷ സ്വീകരിച്ച് 'ശുദ്ധ ചൈതന്യൻ' എന്ന പേരു സ്വീകരിച്ചു. അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്ന ആഭരണങ്ങളെല്ലാം യാത്രയ്ക്കിടെ ഭിക്ഷുക്കളുടെ ഒരു സംഘം തട്ടിയെടുത്തിരുന്നു. വീട്ടിൽ നിന്നും കൊണ്ടുവന്ന വസ്ത്രം മാത്രമായിരുന്നു അദ്ദേഹത്തിന്റെ പക്കലപ്പോൾ. ക്രമേണ അതും ഉപേക്ഷിച്ച് കേവലം അൽപ്പവസ്ത്രനായി അദ്ദേഹം മാറി. മൂന്നുമാസത്തോളമേ അദ്ദേഹം അവിടെ താമസിച്ചുള്ളു.

*(തുടരും)*

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***



(മുൻ ലക്കത്തിന്റെ തുടർച്ച)

# വൈദിക ധർമ്മ പ്രശ്നോത്തരി

ജാതവേദൻ

16. ആര്യജാതിക്കുവേണ്ടി ആര്യ സമാജം ചെയ്ത സേവനങ്ങളെന്തൊക്കെയാണ്? - സതി ആചാരം, ബഹുവിവാഹം, പർദ്ദ ധരിക്കുന്ന ആചാരം, ബാലവിവാഹം എന്നിവ നിർത്തലാക്കി. വിധവാ വിവാഹം ആരംഭിച്ചു. വേദം പഠിക്കാൻ എല്ലാവർക്കും അവസരം നൽകി. സ്ത്രീ വിദ്യാഭ്യാസത്തിന് ഗുരുകുലങ്ങൾ തുടങ്ങി.
17. ദലിതൻമാർക്ക് സമാനാവകാശങ്ങൾ നൽകിയതാരാണ് ? - ആര്യസമാജം
18. വിദ്യാഭ്യാസ പ്രചാരണത്തിന് ആര്യസമാജം തുടങ്ങിവെച്ച പ്രവർത്തനങ്ങളേവ? - സ്കൂളുകൾ, കോളേജുകൾ, ഗുരുകുലങ്ങൾ എന്നിവ ആരംഭിച്ചു.
19. പശു സംരക്ഷണത്തിന് ആര്യസമാജം നൽകിയ സംഭാവനകൾ? - ഗോശാലകൾ ആരംഭിച്ചു. പശുവിൻ നെയ്യ്, പാൽ എന്നിവയുടെ ഉപയോഗത്തിന് വൻപ്രക്ഷോഭം നടത്തി. ഗോരക്ഷക്കായി ഒപ്പുശേഖരണം നടത്തി.
20. 'സ്വരാജ്യ'മെന്ന സങ്കൽപ്പത്തിന്റെ ആദ്യ പ്രേരണാ ദാതാവ് - സ്വാമി ദയാനന്ദ സരസ്വതി
21. ഭാരത സ്വാതന്ത്ര്യ സമരത്തിൽ ഏറ്റവുമധികം അണികൾ പങ്കെടുത്ത പ്രസ്ഥാനം? - ആര്യസമാജം
22. ഹിന്ദിയേ രാഷ്ട്രഭാഷയാക്കുന്നതിനായി ഏറ്റവുമധികം പ്രയത്നിച്ചത്? - ആര്യസമാജം
23. വർണ്ണ വ്യവസ്ഥയേക്കുറിച്ച് ആര്യസമാജത്തിന്റെ കാഴ്ചപ്പാടെന്ത്? - വർണ്ണം കർമ്മാനുസാരം വരിക്കുന്നതാണ്.
24. ആശ്രമങ്ങൾ എത്രയുണ്ട്? - നാലെണ്ണം
25. വർണ്ണങ്ങൾ എത്രയുണ്ട്? - നാലെണ്ണം

(തുടരും)

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*

*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വൈദിക ഗുരുകുലം ആരംഭിക്കുന്നു

വെള്ളിനേഴി: ആര്യസമാജത്തിന്റെ നേതൃത്വത്തിൽ വെള്ളിനേഴിയിൽ ആരംഭിക്കുന്ന പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുൽ മഹാവിദ്യാലയത്തിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു. ജാതി മത പരിഗണന കൂടാതെ വേദം പഠിക്കാനുള്ള സൗകര്യം ഈ ഗുരുകുലത്തിൽ ലഭ്യമായിരിക്കും. 6,9,11 എന്നീ ക്ലാസ്സുകളിലേക്ക് പ്രവേശനം ഉണ്ടായിരിക്കും. യഥാക്രമം 5,8,10 എന്നീ ക്ലാസ്സുകളിൽ നിന്നും സംസ്കൃതം ഒരു വിഷയമായി പഠിച്ച് വിജയിച്ച ആൺകുട്ടികൾക്കാണ് ആദ്യ ബാച്ചിൽ പ്രവേശനം നൽകുക. തികച്ചും വൈദിക പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആർഷ പദ്ധതി പ്രകാരമുള്ളതും ഹരിയാന ബോർഡ് ഓഫ് എഡ്യുക്കേഷന്റെയും മഹർഷി ദയാനന്ദ യൂണിവേഴ്സിറ്റി (എം.ഡി. യൂണിവേഴ്സിറ്റി, രോഹ്തക്) യുടെയും അംഗീകാരമുള്ള പ്രഥമ, പൂർവ്വമദ്ധ്യമ, ഉത്തരമദ്ധ്യമ, ശാസ്ത്രി, ആചാര്യ (കേരളത്തിലെ യഥാക്രമം ആറാംതരം മുതൽ എം.എ വരെയുള്ള പഠനപദ്ധതിയുടെ തത്തുല്യയോഗ്യതയുള്ള) എന്നീ പാഠ്യപദ്ധതിയായിരിക്കും പിന്തുടരുക. കൂടാതെ സംസ്കൃത - രാഷ്ട്രഭാഷാ മാധ്യമങ്ങളിലൂടെ വേദ - വേദാംഗ, ദർശന, ഉപനിഷത്ത്, അഷ്ടാംഗയോഗ, അഷ്ടാദ്ധ്യായിവ്യാകരണമടക്കമുള്ള ഉന്നതമായ അറിവുകൾ നേടുന്നതിനോടൊപ്പം ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ്, കമ്പ്യൂട്ടർ എന്നിവയും, ഷോഡശക്രിയകൾ ചെയ്യിപ്പിക്കുന്നതിനുമുള്ള പരിശീലനവും നൽകുന്നതാണ്. ബ്രഹ്മചാരികൾ ഗുരുകുലത്തിൽ താമസിച്ചു തന്നെ പഠിക്കണം. ഇടക്കാലത്ത് പുറത്തു പോകാൻ അനുവാദമുണ്ടായിരിക്കില്ല.

ഗുരുകുലത്തിലെ വ്യാവഹാരിക ഭാഷ സംസ്കൃതമായിരിക്കും. പ്രവേശനപരീക്ഷയ്ക്കും നേരിട്ടുള്ള അഭിമുഖത്തിനുശേഷം യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടവർക്ക് മാത്രമെ പ്രവേശനം ലഭിക്കുകയുള്ളൂ. പഠനത്തിനുശേഷം ഇവർ ആചാര്യൻ നിയോഗിക്കുന്ന വേദപ്രചാര സംബന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന നിബന്ധനയുമുണ്ട്. ഗൃഹസ്ഥാശ്രമവും മറ്റും സ്വീകരിക്കാൻ അതിനുശേഷം മാത്രമായിരിക്കും അനുവദിക്കുക. പഠനം, താമസം, ഭക്ഷണം എന്നിവ സൗജന്യമായിരിക്കും. ഗുരുകുലത്തിലെ നിയമങ്ങൾ കർശനമായും പാലിക്കണം. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഒരു ഫോട്ടോയും സഹിതം പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുൽ മഹാവിദ്യാലയ്, പണ്ഡിറ്റ് ലേഖ്റാം മാർഗ്ഗ്, വെള്ളിനേഴി തപാൽ, പാലക്കാട് - 679 504 എന്ന വിലാസത്തിൽ മെയ് 15 നകം നിശ്ചിത അപേക്ഷാഫോറത്തിൽ അയക്കുക. ഫോൺ:9562529095, E-mail: ptlekhramarshgurukul@gmail.com.

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*

*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*